**മഞ്ചേശ്വരം ആർ.ടി. ഓഫീസ്**

269(1254) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ രൂപീകൃതമായ മഞ്ചേശ്വരം താലൂക്കിൽ ആർ.ടി. ഓഫീസ് തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

&

(ബി) മഞ്ചേശ്വരം ആർ.ടി. ഓഫീസിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാകുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ ആർ.ടി. ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ മഞ്ചേശ്വരത്തിന്റെ കാര്യംകൂടി പരിഗണനയ്ക്കെടുക്കുന്നതാണ്.

**കുന്നംകുളത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

270(1255) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ കുന്നംകുളത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

**ഇലക്ട്രിക് വാഹനങ്ങൾ**

271(1256) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ലഘൂകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly